# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2209

18.06.2013ൽ മറുപടിക്ക്.

### എമർജിംഗ് കേരളയുടെ ഭാഗമായി ആരംഭിക്കുന്ന വ്യവസായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) വ്യവസായ മേഖലയിലെ ഉദ്ദീപനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'എമർജിംഗ് കേരള'യുടെ ഭാഗമായി എത്ര പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>ബി) ഇതിൽ എത്ര സ്ഥാപനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | എ) യും ബി) യും<br><br>2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിങ്ങ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി 176 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. കേരളത്തിന്റെ പരിസ്ഥിതിയ്ക്ക് കോട്ടം വരാത്ത തരത്തിൽ പരിസ്ഥിതി ആഘാത പഠനം നടത്തി പരിസ്ഥിതിക്ലിയറൻസ് ലഭ്യമായ പദ്ധതികൾ മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ. ഇപ്രകാരം പരിഗണിക്കപ്പെട്ട പദ്ധതികളുടെ തുടർ നടപടികൾ അതാത് വകുപ്പുകൾ മുഖേന നടത്തി വരുന്നു. ഇവയിൽ വ്യവസായ വകുപ്പിനു കീഴിലുള്ള 46 പദ്ധതി നിർദ്ദേശങ്ങളിൻമേൽ കെ.എസ്.ഐ.ഡിയും, കിൻഫ്രയും നടപടി സ്വീകരിച്ച് വരുന്നു. ഈ പദ്ധതികളിൽ 25 പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.<br>12,000/- കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന ബി.പി.സി.എല്ലിന്റെ കൊച്ചി റിഫൈനറിയുടെ എക്സ്പാൻഷൻ പ്രോജക്ട് 2013 ജനുവരിയിൽ ബഹു. പ്രധാനമന്ത്രി ശിലാസ്ഥാപനം നടത്തി. BPCL കൊറിയയിലെ എൽ.ജി. കെമിക്കൽസുമായി ചേർന്നു നടപ്പിലാക്കുന്ന 6000 കോടി രൂപ ചെലവുവരുന്ന പെട്രോകെമിക്കൽ സംയുക്ത സംരംഭത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. ടൂറിസം വകുപ്പിനു കീഴിൽ കേരളത്തിലെ സുപ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു കഴിഞ്ഞു. കൊച്ചിയിലെ കണ്ടെയിനർ ഫ്രൈറ്റ് സ്റ്റേഷൻ, ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ചു നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സ്, കേരളത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ആട്ടോമോട്ടീവ് ടെക്നോളജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ എന്നീ |

പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ഭക്ഷ്യസംസ്കരണം, കെട്ടിട നിർമ്മാണ മേഖലയിലെ പ്രീകാസ്റ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ബയോ-മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം, HDPE സ്റ്റോറേജ് ടാങ്കുകളുടെ നിർമ്മാണം, സോളാർ പാനലുകളുടെ നിർമ്മാണം മുതലായ പദ്ധതികളിലെ തുടർനടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ ടൂറിസം വകുപ്പിനു കീഴിലുള്ള ടൂറിസം ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ, മുതലായ പദ്ധതികളും പുരോഗമിച്ചു വരുന്നു. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാനുദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ. മറ്റു പദ്ധതികൾ പരിസ്ഥിതി ക്ലീയറൻസ്, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നീ ഘട്ടങ്ങളിലാണ്.

സെക്ഷൻ ഓഫീസർ